[Mr. Kayalam Paramesvaran Pillai-]

When I say that I am prepared to convey this debate to the High Court, I do not hold out any hope to Mr. Narayana Aiyar, as matters stand at present. If there has been any inordinate delay in the preparation of office copies of judgments, that would have come to the notice of the Law's Delays Commissioner and to the High Court and, if so, they would have made recommendations for avoiding that delay. No such proposals have been made as yet. It seems, therefore, that Government not only cannot accept this resolution but they cannot even hold out any hope that the High Court will accept it. I can only make the suggestion that this debate will be conveyed to the High Court if the House so desires.

Chairman: Having heard the Law Member, what does Mr. Narayana Aiyar say?

Mr. G. Narayana Aiyar: I think the learned Law Member has explained the position very clearly though there has been some misapprehension on the part of other speakers. I never said that copies supplied to clients or parties should be type-written. The resolution clearly says "to avoid the delay in the preparation of judgmegts, and orders".

Chairman: Mr. Narayana Aiyar, are you pressing the resolution or not?

Mr. G. Narayana Aiyar: In view of the statement given by the Law Member I am not pressing the resolution and I withdraw it.

The resolution was, by leave, withdrawn.

Mr. M. N. Paramesvaran Pillai: May I know, Sir, whether after the Law Member has spoken it is not open to any member to speak on the new points raised by the Law Member and then withdraw?

Chairman: In the opinion of the Chair there is nothing to explain and the member has already withdrawn his resolution.

Grant of facilities to the public to represent their grievances to Government officers while on circuit.

25. Mr. J. John Kattakayam (*Muvattupuzha* cum *Todupuzha*): *This council recommends to the Government that, when their officers proceed on circuit, their programmes be published previously and time specially appointed for hearing the grievances of the public and that, in the case of circuits made otherwise, mileage and batta be not granted.*

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : സർ, ഉദ്യോഗസ്ഥന്മാരുടെ സ ക്കീട്ടുപ്രോഗ്രാം പ്രസിദ്ധപ്പെടുത്തി ജനങ്ങൾക്കുള്ള ആവശ്യങ്ങൾ അറിയു ന്നതിനു സൗകര്യം നൽകുകയും അങ്ങനെ ചെയ്യാത്തവർക്കു ടി. ഏ.,ബാ റാ മുതലായവ അനുവദിക്കാതിരിക്കയും ചെയ്യണമെന്നുള്ളതാണ് എന്റെ പ്രമേയം.

മുൻകാലങ്ങളിൽ ഉദ്യോഗസ്ഥന്മാർ സക്കീട്ടുവരുമ്പോൾ, പൊതുജ നങ്ങളറിയുന്നതിനു വിവിധമാർഗ്ഗങ്ങളുണ്ടായിരുന്നു. ഒന്നാമതു ഇന്ന ത്തെപ്പോലെ പറന്നുപോകാവുന്ന ഒരു കാലമല്ലായിരുന്നു അന്നുണ്ടായിരു ന്നതു്. പിന്നീടു ഉദ്യോഗസ്ഥന്മാർ ഒരു സ്ഥലത്തുവന്നാൽ അവരുടെ താമസസൗകര്യത്തിനു പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ അ വശ്യമായിരുന്നു. ഇപ്പോഴാകട്ടെ ഉദ്യോഗസ്ഥന്മാർ വരുന്നതെന്നൊ പോകുന്നതെന്നൊ ആർക്കും അറിഞ്ഞുകൂടാ.

Mr. M. N. Parameswaran Pillai : ഈ പ്രോഗ്രാം എവി ടെ പരസ്യം ചെയ്യണം?

Mr. J. John Kattakayam : അതു ഞാൻ പറയാം

Chairman : Mr. Kattakayam, you have to address the House and not Mr. Parameswaran Pillai.

Mr. J. John Kattakayam : ഞാൻ അതിനെപ്പറ്റി പറയു ന്നതുവരെ എന്റെ മാന്യസ്നേഹിതൻ അടങ്ങിയിരിക്കണം.

താലൂക്കിന്റെ തലസ്ഥാനത്തുതന്നെ താമസിച്ചാലും ഉദ്യോഗസ്ഥ ന്മാർ എപ്പോഴാണു സക്കീട്ടുവരുന്നതെന്നും എപ്പോഴാണു പോകുന്നതെ ന്നും അറിയാൻ വയ്യ. ഏതെങ്കിലും ഒരു പ്രോഗ്രാം നിശ്ചയിച്ചു ക്യാമ്പു ഷെഡിലൊ കച്ചേരിയിലൊ താമസിച്ചു റിക്കാർഡുകളെല്ലാം അവിടെ വരുത്തി പരിശോധിച്ചു് ആരുമറിയാതെ തിരിയെ പോവുകയാണു് ഇന്നും ഉദ്യോഗസ്ഥന്മാർ ചെയ്യുവരുന്നതു്. ഉദ്യോഗസ്ഥന്മാർ വന്നില്ല എന്നു ഞങ്ങൾ പറഞ്ഞാൽ ശരിയായിരിക്കുമൊ? ഇല്ല.

Mr. M. N. Parameswaran Pillai: സർപ്രൈസ് വിസിറ്റും. പരസ്യം ചെയ്യുണ്ടോ?

Mr. J. John Kattakayam : അങ്ങിനെ ഉള്ളവ ഒഴിവാക്കാം മറ്റുള്ളവ എല്ലാം പരസ്യംചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

പേഷ്കാർ, തഹശീൽദാർ, ഇവരുടെ സക്കീട്ടാണു പ്രധാനമായി ജനങ്ങൾ അറിയേണ്ടതു്. താലൂക്കിനുള്ളിൽ തഹശീൽദാർ സക്കീട്ടുപോ കുന്നതു് ആരും അറിയാറില്ല. പേഷ്കാരന്മാർ റോഡുള്ള പ്രധാനസ്ഥല

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലല്ലാതെ മറ്റു സ്ഥലങ്ങളിൽ പോകുക സാധാരണമല്ല. ഉൾനാടുകളിൽ റോഡില്ലാത്ത പല സ്ഥലങ്ങളുമുണ്ട്. ഉദ്യോഗസ്ഥന്മാരുടെ സക്കീട്ട് പൊതുജനങ്ങൾക്കു പ്രയോജകീഭവിക്കണമെന്നുള്ളതാണു ഗവണ്മെൻറിന്റെ ഉദ്ദേശമെന്നുവേണം അനുമാനിക്കാൻ.

ഈ പ്രോഗ്രാം എങ്ങിനെ പരസ്യംചെയ്യണമെന്നാണ് എന്റെ മാന്യസ്നേഹിതൻ മി: എം. എൻ. പരമേശ്വരൻപിള്ള ചോദിച്ചത്. അതിനു മറുപടി പറയാം. പ്രധാന ഉദ്യോഗസ്ഥന്മാരുടെ സക്കീട്ടപ്രോഗ്രാം ഗസറ്റിലും, കച്ചേരിഭിത്തികളിലും, മാർക്കറ്റുകളിലും പബ്ലിക് സ്ഥലങ്ങൾ എവിടെയെല്ലാം ഉണ്ടോ അവിടങ്ങളിലൊക്കെയും പരസ്യം ചെയ്യണം.

Mr. M. N. Paramesvaran Pillai : മുൻശടിച്ചു പരസ്യം ചെയ്യണൊ?

Mr. J. John Kattakayam : അങ്ങിനെയും ചെയ്യാമെങ്കിൽ തരക്കേടില്ല. അങ്ങിനെ ചെയ്താൽ പൊതുജനങ്ങൾക്ക് അവരുടെ സങ്കടങ്ങളെപ്പറ്റി ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കുന്നതിനും കീഴ്സിൽബന്ധികളിൽനിന്നും അവക്കുണ്ടാകുന്ന ഉപദ്രവങ്ങളെ ഉദ്യോഗസ്ഥന്മാരെ അറിയിക്കുന്നതിനും സൌകര്യം സിദ്ധിക്കും. തൻനിമിത്തം പൊതുജനങ്ങൾക്കും ഗവണ്മെൻറിനുതന്നെയും വിവിധവിധത്തിലുള്ള പ്രയോജനങ്ങളുണ്ടാകുവാൻ ഇടയാകുന്നതുമാകുന്നു. അതിനാൽ ഉദ്യോഗസ്ഥന്മാരുടെ സക്കീട്ടപ്രോഗ്രാം ഞാൻ പറഞ്ഞപ്രകാരത്തിലും, മി: എം. എൻ. പരമേശ്വരൻപിള്ള ചോദിച്ച ചോദ്യത്തിന്റെ രൂപത്തിലും പരസ്യം ചെയ്യുന്നതു നല്ലതാകുന്നു. ഇത്രമണിമുതൽ ഇത്രമണിവരെ പൊതുജനങ്ങളുടെ സങ്കടം കേൾക്കാമെന്നൊരു സമയക്ലിപ്തം ചെയ്താൽ ഉദ്യോഗസ്ഥന്മാരുടെ മറ്റു ജോലികളും നിർബാധം നടക്കുകയും ചെയ്യും.

ഈ സംഗതിയെപ്പറ്റി ദീർഘമായ ഒരു പ്രസംഗം ചെയ്യേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല. പ്രോഗ്രാം പരസ്യം ചെയ്യാതെ സക്കീട്ടു പോകുന്ന ഉദ്യോഗസ്ഥന്മാർക്കു ടി. എ., ബാറ്റാ അടിയായവ ഒരിക്കലും അനുവദിക്കാൻ പാടില്ല. പൊതുജനാഭിപ്രായത്തെ ആദരിക്കുന്ന ഉദ്യോഗസ്ഥലോകം എന്റെ പ്രസ്താവനയെ എതുക്കുമെന്നു വിചാരിക്കാൻ മാർഗ്ഗമില്ല അങ്ങിനെയല്ലാതെയുള്ള ഉദ്യോഗസ്ഥന്മാർക്കാകുന്നു ഇതുകൊണ്ടു വിഷമം ഉണ്ടാകുന്നതു്. അതായതു രാജവാസോചിതങ്ങളായ മണിമേ

LIBRARY ARCHIVES Kerala Legislative Assembly

കേളിൽ രാജകീയാഡംബരാദികളോടുകൂടി സുഖലോലുപന്മാരായി പ്രതാപാദികളോടുകൂടി അനുദ്യോഗസ്ഥലോകത്തെ അവഹേളിക്കുന്ന ഉദ്യോഗസ്ഥന്മാക്ക് ഇത്തരം പ്രസ്താവനകൾ ഉത്സാഹമായിരിക്കും.

Mr. A. N. Visvanatha Pillai : ഉദ്യോഗസ്ഥന്മാർ പരസ്യപ്പെടുത്തി സക്കീട്ട പോയാൽ കീഴ്സിൽബന്ധികളുടെ കുറവ് എങ്ങിനെ കണ്ടുപിടിക്കും?

Mr. J. John Kattakayam : ഇപ്പോൾ പ്രോഗ്രാം പരസ്യപ്പെടുത്താതെ പോയിട്ട് എത്ര കുറങ്ങളാണ് അവർ കണ്ടുപിടിച്ചത്?

Mr Komilezhathu SanKaran : ഉദ്യോഗസ്ഥന്മാരുടെ സക്കീട്ട മോട്ടാറിൽ വേണമോ നടന്നുവേണമൊ?

Mr. J. John Kattakayam : അതവരുടെ ഹിതാനുസരണം ആവാം നടന്നാണെങ്കിൽ അങ്ങിനെയാകാം. കിടന്നു ഉരുണ്ടു വേണമെങ്കിൽ അങ്ങിനെയും പോകാം. (ചിരി)

ഇങ്ങിനെ ഒരു രീതി ഏർപ്പെടുത്തുന്നത് ഉദ്യോഗസ്ഥന്മാരുടെ പ്രതാപത്തിനു ഒരു ഹാനിയായിട്ടു വിചാരിച്ചേക്കാം. ഉദ്യോഗസ്ഥദൃഷ്ടിക്കന്മാക്ക് ഇതു രുചിക്കയില്ല. അങ്ങിനെയാണെങ്കിൽ താഴ്ശർ പബ്ലിക്ക് സർവെൻറ് എന്നുള്ള നാമം ഭേസിക്കൊണ്ടിരിക്കരുത്. അത്തുവച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം പൊതുജനങ്ങളോടു അവക്കുള്ള കടമയെ മറയ്ക്കാനൊ മറക്കാനൊ സാധിക്കുന്നതല്ല. അതിനാൽ എൻറെ മാന്യസ്നേഹിതന്മാർ എല്ലാം ഇതിനെ അംഗീകരിക്കണമെന്നുപക്ഷിച്ചുകൊള്ളുന്നു.

Mr. M. N. Paramesvaran Pillai: I second the resolution.

Chairman: Members can now speak on the resolution.

Rao Sahib Dr. N. Kunjan Pillai : എൻറെ മാന്യസ്നിതനായ മി. കട്ടക്കയം ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ, അദ്ദേഹത്തിൻറെ ഗൌരവമായ പ്രസംഗം ഈസഭയിലെ മാന്യമെമ്പറന്മാർ കേട്ടിട്ടും ഒന്നിലധികം മെമ്പർമാർ പിൻതാങ്ങിയതായി കാണാത്തതിൽ ഞാൻ വളരെ മനസ്താപപ്പെടുന്നു.

Mr. Tariatu Kunjitomman:ഉദ്യോഗസ്ഥമെമ്പർമാരുടെ മറുപടി കേട്ടിട്ടു മറു മെമ്പർമാർ അനുകൂലിച്ചു സംസാരിക്കാമെന്നു വിചാരിച്ചു എന്നു വരുന്നൊ?

Rao Sahib Dr. N. Kunjan Pillai: അങ്ങിനെ വരാം. എന്നായാലും മി. കട്ടക്കയത്തിൻറെ പ്രമേയത്തോടു യോജിക്കുന്നതിനു എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib Dr. N. Kunjan Pillai.]

നിവത്തിയില്ലാതെവന്നതിൽ അതിലും അധികമായ മനസ്താപം എനിക്കുണ്ട് എന്നു പറഞ്ഞുകൊള്ളട്ടെ.

Mr. J. John Kattakayam മെയ്നം ടീക്കിച്ചത് എന്റെ പ്രമേയത്തോട് അവക്കുള്ളസമ്മതത്തെ സൂചിപ്പിച്ചതായിട്ട വരികയില്ലെ?

Rao Sahib Dr. N. Kunjan Pillai: വരാം. സാധാരണ മി. കട്ടക്കയത്തിന്റെ പ്രസംഗം കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ചേരണമെന്നുള്ള ഒരു മനോവികാരം മറ്റുള്ള മെമ്പർമാരെപോലെ എനിക്കും തോന്നാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രസ്തുത പ്രമേയത്തെ അനുകൂലിക്കാൻ ഒരുമാർഗ്ഗവുംഞാൻകാണുന്നില്ല. അദ്ദേഹം പറയുന്നത് ഉദ്യോഗസ്ഥന്മാർ സക്കീട്ടുപോകുമ്പോഴെല്ലാം മുമ്പിൽക്കൂട്ടി അവരുടെ സക്കീട്ടുപ്രോഗ്രാം പ്രസിദ്ധപ്പെടുത്തണമെന്നാണ്. അതെങ്ങിനെ പ്രസിദ്ധപ്പെടുത്തണമെന്ന അദ്ദേഹത്തിന്റെ പ്രമേയത്തിൽകാണിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അതു വ്യക്തമാക്കീട്ടുണ്ട്. അതായതു ഗസറിലും, കച്ചേരികളിലും, ചന്തകളിലും, ആളുകൂടുന്ന സ്ഥലത്തും കൂടാത്ത സ്ഥലത്തും, മുരശടിച്ചും മറ്റുപ്രകാരത്തിലും ഉദ്യോഗസ്ഥന്മാരുടെ സക്കീട്ടുപ്രോഗ്രാം പ്രസിദ്ധപ്പെടുത്തണമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. ഇതു സാദ്ധ്യമായ ഒരു കാര്യമല്ല.

Mr. J. John Kattakayam: ഇപ്പോഴും സക്കീട്ടുചെയ്യുന്ന ഉദ്യോഗസ്ഥന്മാർ സക്കീട്ടുപ്രോഗ്രാം കീഴിലുള്ളവക്കു നേരത്തെ അയച്ചുകൊടുക്കാറില്ലെ?

Rao Sahib Dr. N. Kunjan Pilli: അതു ശരിയായിരിക്കാം. ഏതായാലും പ്രമേയത്തിന്റെ പ്രായോഗികതയിൽ എനിക്കു വളരെ സംശയമുണ്ട്. ഉദ്യോഗസ്ഥന്മാർ സക്കീട്ടുചെയ്യുന്നതു ജനങ്ങളുടെ സങ്കടങ്ങളെ കേട്ടറിയുവാൻമാത്രമല്ല; കീഴിലുള്ള സിൽബന്ധികളുടെ ജോലികളെപ്പറ്റി അന്വേഷിക്കുന്നതിനുകൂടിയാണ്.

Mr. J. John Kattakayam: ഇപ്പോൾ ഉദ്യോഗസ്ഥന്മാർ സക്കീട്ടുപോകുമ്പോൾ ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാറുണ്ടോ?

Rao Sahib Dr. N. Kunjan Pillai: അതിനെപ്പറ്റിപറയാം മുന്നറിവുകൂടാതെപോയി കീഴ്സിൽബന്ധികളുടെ ജോലികൾ പരിശോധിച്ചു വല്ല തകരാറുകളുമുണ്ടെങ്കിൽ കണ്ടുപിടിക്കേണ്ട ചുമതല ഒരു ഡിപ്പാർട്ടുമെന്റു മേധാവിക്കുണ്ട്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ പോലും, മി. കട്ടക്കയത്തിന്റെ പ്രമേയംഅനുസരിച്ച്, സക്കീട്ടുപ്രോഗ്രാം

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധപ്പെടുത്താമെന്നാണ് കാണുന്നത്. അതിലെങ്കിലും ഒരു വ്യത്യസ്തത (Exception) കാണിച്ചിരുന്നാൽ ഒരുപക്ഷേ മി. കട്ടക്കയത്തെ തൃപ്തിപ്പെടുത്താനായിട്ടെങ്കിലും അദ്ദേഹത്തിന്റെ പ്രമേയത്തെ ഒന്നനുകൂലിച്ചേക്കാമെന്നാലോചിക്കാമായിരുന്നു. ഇപ്പോഠം അതിനും നിവൃത്തി കാണുന്നില്ല.

Mr. J. John Kattakayam : മേലാലെങ്കിലും ഉദ്യോഗസ്ഥന്മാർ സന്ദർശനം ചെയ്യുന്ന അവസരത്തിൽ പബ്ലിക്കിന്റെ കാര്യങ്ങളെപ്പറ്റി അന്വേഷിക്കാൻ ഏർപ്പാടുചെയ്യാമോ?

Rao Sahib Dr. N. Kunjan Pillai: അതിനെപ്പറ്റിയാണ് പറയുന്നത്. അതുകൊണ്ടു ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നരീതിയിൽ ഒരിക്കലും സ്വീകാര്യമല്ല. ഇതു സ്വീകരിച്ചാൽതന്നെയും വാസ്തവത്തിൽ ഗുണത്തേക്കാഠം അധികം ദോഷമുണ്ടാകുന്നതാണ്. എന്നാൽ അദ്ദേഹം പറഞ്ഞതിൽ ഒരു സംഗതി ഞാൻ സമ്മതിക്കുന്നുണ്ട്; അതായതു് ഉദ്യോഗസ്ഥന്മാർ സന്ദർശനത്തിനു പോകുന്ന അവസരങ്ങളിൽ കീഴ്സിൽ ബന്ധുക്കളുടെ ജോലികളെ മാത്രം പരിശോധിച്ചാൽ പോരാ, നേരെമറിച്ചു പൊതുജനങ്ങളുടെ സങ്കടങ്ങളെക്കൂടി കേട്ട് അതിനു വേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻകൂടി ശ്രമിക്കണമെന്നുള്ളതാണ്. ആ തത്വത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതുകൊണ്ടു ഡിപ്പാർട്ടുമെൻറു മേധാവികൾ സന്ദർശനത്തിനു പോകുന്ന ചില സന്ദർഭങ്ങളിലെങ്കിലും അവരുടെ പ്രോഗ്രാം, മുരശടിച്ചില്ലെങ്കിലും, മറുപ്രകാരത്തിൽ പ്രസിദ്ധം ചെയ്തു പൊതുജനങ്ങളെ അറിയിക്കുന്നതു നന്നായിരിക്കും. ഇങ്ങനെ അതുമൂലം പൊതുജനങ്ങൾക്കുള്ള സങ്കടങ്ങളെ നേരിട്ടറിയുന്നതിനും അതിലേക്കു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഉദ്യോഗസ്ഥന്മാക്കു സൌകര്യം കിട്ടുന്നതാണ്. അതിനാൽ ഈ സംഗതിയിൽ ഗവണ്മെൻറിൽനിന്നും വേണ്ടപോലെ നിഷ്കർഷിക്കുന്നതാകുന്നു. അല്ലാതെ പ്രമേയം അതേരീതിയിൽതന്നെ സ്വീകരിക്കുന്നപക്ഷം കീഴ്സിൽ ബന്ധുക്കളുടെ അഴിമതികൾ കണ്ടുപിടിക്കുന്ന സംഗതിയിൽ ഇതു ബാധകമായിതീരും.

Mr. J. John Kattakayam : പബ്ലിക്കിന്റെ സങ്കടങ്ങൾ കേൾക്കുവാനുള്ള സമയംകൂടി നിർദ്ദേശിക്കുമോ?

Rao Sahib Dr. N. Kunjan Pillai: അതു സന്ദർശനം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ സൌകര്യത്തിനു വിട്ടുകൊടുക്കയാണ് നല്ലതു്. ഉദ്യോഗസ്ഥന്മാർ ഓരോസ്ഥലത്തു ക്യാമ്പുചെയ്യുമ്പോൾ അവരെ കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib Dr. N. Kunjan Pillai.]

കായ്ങ്ങളം പറയുന്നതിനുള്ള സമയം ആവശ്യപ്പെട്ടാൽ അവർ അതനുസരിച്ചു ചെയ്യും; അല്ലാതെ ഈ സംഗതിയിൽ നിഷ്ക്കർഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വാസ്തവത്തിൽ ഈ ഉദ്ദേശത്തോടുകൂടിതന്നെയായിരിക്കും മി. കട്ടക്കയം ഈ പ്രമേയം അയച്ചിട്ടുള്ളത് എന്നു തോന്നുന്നു. അദ്ദേഹത്തിന്റെ മനഃപൂർവമായ ആശയത്തോടു നാമെല്ലാവരും യോജിക്കേണ്ടതുമാണ്. ഗവണ്മെൻറിനുവേണ്ടി ഞാൻ ഈ അവസരത്തിൽ പറയുന്നതു ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെയുള്ള നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നതാണെന്നാണ്. ഈ ഉറപ്പിന്മേൽ എന്റെ മാന്യസ്നേഹിതൻ ഈ പ്രമേയത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

Mr. J. John Kattakayam : എന്റെ പ്രമേയത്തോടു പൂർണ്ണമായി യോജിച്ചില്ലെങ്കിലും അതിൽ അന്തർല്ലീനമായ ആശയം ഇന്നതാണെന്നു ചീഫ് സെക്രട്ടറി അവർകൾ മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടും തദനുസരണം മേലാൽ വേണ്ടതുപോലെ പ്രവൃത്തിക്കാമെന്നു ഉറപ്പുപറഞ്ഞിട്ടുള്ളതുകൊണ്ടും എന്റെ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

The resolution was, by leave, withdrawn.

Constitution of a separate taluk consisting of Mannankandam and certain other lands.

Mr. Tariatu Kunjitomman : *This Council recommends to the Government that the Mannankandam lands in the Muvattupuzha taluk, forty miles away from Muvattupuzha, Pooyamkutty lands, thirty miles away, and the pakuthies Kuttamangalam, Varapety, Eramalloor and Kotamangalam be organised into a separate taluk with their centre as the headquarters.*

Mr. Tariatu Kunjitomman (*Nominated*) : സർ, മൂവാറ്റുപുഴ താലൂക്കിൽനിന്നും 40 മയിലകലമുള്ള മന്നാൻകണ്ടം പ്രദേശവും, 30 മയിലകലമുള്ള പൂയംകുട്ടി പ്രദേശവും, കുട്ടമംഗലം, വാരപ്പെട്ടി, എരമല്ലൂർ, കോതമംഗലം ഈ പകുതികളും ചേർത്തു ഇവയുടെ മദ്ധ്യം തലസ്ഥാനമാക്കി ഒരു താലൂക്കാക്കണമെന്നു ഈ സഭ ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു. ഈ പ്രമേയത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മൂവാറ്റുപുഴതാലൂക്കു മലയോരമായതുകൊണ്ടു പ്രതിവത്സരം അനവധി ജനങ്ങൾ അന്യതാലൂക്കുകളിൽനിന്നും ഉപഭോഗങ്ങളിൽ കുടിപാ

LIBRARY ARCHIVES Kerala Legislative Assembly